**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - പൊതുമരാമത്ത് വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന തിരുവനന്തപുരം നഗരസഭയിൽ ജോലിചെയ്തുവരുന്ന ശ്രീമതി ശോഭിമോൾ പി.ജെ.-യെയും എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന നെടുമങ്ങാട് നഗരസഭയിൽ ജോലിചെയ്തുവരുന്ന ശ്രീ.സാജ ജെ.എസ്.-നെയും പരസ്പരം സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1079/2019/തസ്വഭവ** **തിരുവനന്തപുരം, തീയതി, 29.05.2019.**

പരാമർശം: 1) സ.ഉ.(സാധാ) നം.998/2018/തസ്വഭവ, തീയതി, 09.04.2018.

2) ശ്രീമതി ശോഭിമോൾ പി.ജെ. സമർപ്പിച്ച 24.09.2018-ലെ നിവേദനം.

3) പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.10.2018-ലെ ഇഎ2/10215/2014/വോള്യം2 നമ്പർ കത്ത്.

4) പഞ്ചായത്ത് ഡയറക്ടറുടെ 03.05.2019-ലെ പി.എ.എൻ/21103/2018-ഇ9(ഡിപി) നമ്പർ കത്ത്.

5) സ.ഉ.(സാധാ) നം.1837/2018/തസ്വഭവ, തീയതി, 05.07.2018.

6) ശ്രീ.സാജ ജെ.എസ്. സമർപ്പിച്ച 28.01.2019-ലെ നിവേദനം.

7) എംപ്ലോയ്മെന്റ് വകുപ്പ് ഡയറക്ടറുടെ 14.02.2019-ലെ ജെ4/18832/12/ഡിഇ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന തിരുവനന്തപുരം നഗരസഭയിൽ ജോലിചെയ്തുവരുന്ന ശ്രീമതി ശോഭിമോൾ പി.ജെ.-യ്ക്ക് വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്, നെടുമങ്ങാട് നഗരസഭ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേതിലെങ്കിലും പുനർവിന്യാസ സ്ഥലംമാറ്റം നൽകണമെന്ന് പരാമർശം (3)-ലെ കത്ത് മുഖേന പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു. പരാമർശം (5)-ലെ ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നും നെടുമങ്ങാട് നഗരസഭയിൽ പുനർവിന്യസിച്ചിരുന്ന ശ്രീ.സാജ ജെ.എസ്.-ന് അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്, നേമം ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം നഗരസഭ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേതിലെങ്കിലും പുനർവിന്യാസ സ്ഥലംമാറ്റം നൽകണമെന്ന് പരാമർശം (7)-ലെ കത്ത് മുഖേന എംപ്ലോയ്മെന്റ് വകുപ്പ് ഡയറക്ടറും ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ടി ജീവനക്കാർ പുനർവിന്യാസം ആവശ്യപ്പെട്ട സ്ഥലങ്ങളിലൊന്നും നിലവിൽ പുനർവിന്യാസ ഒഴിവില്ല. അതിനാൽ പരാമർശം (3)-ലെ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെയും പരാമർശം (7)-ലെ എംപ്ലോയ്മെന്റ് വകുപ്പ് ഡയറക്ടറുടെയും അപേക്ഷ പരിഗണിച്ച് പൊതുമരാമത്ത് വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന തിരുവനന്തപുരം നഗരസഭയിൽ ജോലിചെയ്തുവരുന്ന ശ്രീമതി ശോഭിമോൾ പി.ജെ.-യെയും

എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന നെടുമങ്ങാട് നഗരസഭയിൽ ജോലിചെയ്തുവരുന്ന ശ്രീ.സാജ ജെ.എസ്.-നെയും പരസ്പരം സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, എംപ്ലോയ്മെന്റ് വകുപ്പ്, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, നെടുമങ്ങാട് നഗരസഭ, തിരുവനന്തപുരം.

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.

ശ്രീമതി ശോഭിമോൾ പി.ജെ., ക്ലാർക്ക്, തിരുവനന്തപുരം നഗരസഭ.

ശ്രീ.സാജ ജെ.എസ്., ക്ലാർക്ക്, നെടുമങ്ങാട് നഗരസഭ, തിരുവനന്തപുരം.

പൊതുമരാമത്ത് വകുപ്പ്.

എംപ്ലോയ്മെന്റ് വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ